(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള അദ്ദേഹത്തിന് കെ.എസ്.ആർ പാർട്ട് 111 വാള്യം 11. റൂൾ 5-ൽ നിഷ്കർഷിച്ചിട്ടുള്ള അലവൻസ് നൽകാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ശ്രീ. ദിവാകരൻ 19 വർഷത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് അയച്ചിട്ടുള്ള അപേക്ഷകളിന്മേൽ നാളിതുവരെ എന്തെങ്കിലും തീരുമാനമുണ്ടാകുകയോ അപേക്ഷാ കക്ഷിക്ക് എന്തെങ്കിലും മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ; 19 വർഷക്കാലമായി ഒരു അപേക്ഷയിൻമേൽ തീരുമാനമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(എഫ്) ശ്രീ. എം.കെ. ദിവാകരൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ ഒരു മാസത്തിനകം അനുകൂല തീരുമാനമെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എം. കെ. ദിവാകരൻ തൊടുപുഴ പോലീസ് സ്റ്റേഷനിൽ പോലീസ് കോൺസ്റ്റബിളായി ജോലിചെയ്തു വരവെ 11.1.97-ൽ തൊടുപുഴ സബ് ട്രഷറിയിൽ പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുകയുണ്ടായി. പ്രസ്തുത ഡ്യൂട്ടിയിലിരിക്കേ, ടിയാൻ മദ്യപിച്ച് മദോൻമത്തനായി കാണപ്പെടുകയും അതു വഴി ഗുരുതരമായ കൃത്യവിലോപം കാണിച്ചുവെന്ന ആരോപണത്തിൻമേൽ വിശദമായ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ആരോപണം തെളിഞ്ഞതിനാൽ 17.11.67-ലെ ജി4/37761/67-ാം നമ്പർ ഉത്തരവുപ്രകാരം പോലീസ് ഇൻസ്പെക്ടർ ജനറൽ 'ടി'യാനെ പിരിച്ചുവിട്ടു.

(ബി) ഉചിതമായിരുന്നു.

(സി) സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തതിനാൽ ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നടപടികൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സ്വീകരിച്ചുവരുന്നു.

(ഇ, എഫ്) അപേക്ഷകളിന്മേൽ തീരുമാനമെടുക്കുകയും സർവ്വീസിൽ നിന്നും നീക്കം ചെയ്ത വ്യക്തിയായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന വിവരം 17.4.96-ൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ജി3/49923/95 നമ്പർ കത്തുമുഖേന രജിസ്റ്റേർഡ് തപാൽ വഴി അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

54 (72) എ.എസ്.ഐ.യെ സസ്പെന്റ് ചെയ്ത നടപടി

ശ്രീ. എം.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ആയിരുന്ന ബേബിജോണിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുവാനുള്ള കാരണം എന്താണ്;

(ബി) അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൂർത്തീകരിച്ചുവെങ്കിൽ തുടർന്ന് എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) സസ്പെന്റ് ചെയ്തതെന്നാണ്;

(ഇ) ആറുമാസം കഴിഞ്ഞുവെങ്കിൽ നിലവിലുള്ള ഉത്തരവ് പ്രകാരം അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നം.210/2000/യു/എഫ്, 379,409,34 ഐ.പി.ജി. പ്രകാരമുള്ള കേസിലെ ഒന്നാം പ്രതി ആയതിനാൽ.

(ബി) ഇല്ല.

(സി) 'ബി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 20.6.2000-ൽ.

(ഇ) ആറുമാസം കഴിഞ്ഞിട്ടില്ല.

55 (73) പുതിയ പോലീസ് സ്റ്റേഷനുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനോ നിലവിലുള്ള ഔട്ട്പോസ്റ്റുകൾ ചാർജിംഗ് സ്റ്റേഷനുകളായി ഉയർത്തുവാനോ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പോങ്ങുംമൂട് ഔട്ട് പോസ്റ്റ് ചാർജിംഗ് സ്റ്റേഷനായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ തുടർ നടപടികൾക്ക് കാലതാമസം ഉണ്ടാക്കുവാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഇ) അടിയന്തിരമായി പ്രസ്തുത ഔട്ട് പോസ്റ്റ് ചാർജിംഗ് സ്റ്റേഷനാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ--ഇ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനും, നിലവിലുള്ള ഔട്ട് പോസ്റ്റുകൾ ചാർജിംഗ് സ്റ്റേഷനുകളാക്കി ഉയർത്തുവാനും ഉദ്ദേശിക്കുന്ന '79' സ്ഥലങ്ങളുടെ മുൻഗണനാലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. "പോങ്ങുംമൂട്" പോലീസ് ഔട്ട് പോസ്റ്റ് ചാർജിംഗ് സ്റ്റേഷനായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മുൻഗണനാലിസ്റ്റിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും അനന്തരനടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly